പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2526 14/06/2019 ൽ മറുപടിക്ക്

## ദേവസ്വം നിയമനങ്ങൾ

ചോദ്യം

**ശ്രീ.എ. പ്രദീപ്കുമാർ**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.കെ. ബാബു**
**ശ്രീ.കെ.ഡി. പ്രസേനൻ**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവസ്വം നിയമനങ്ങളിൽ എന്തൊക്കെ സംവരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ദേവസ്വം ബോർഡുകളിൽ ഹിന്ദുക്കൾക്ക് മാത്രമാണ് നിയമനത്തിന് അർഹതയുള്ളത്. ആകെ 50% സംവരണമുള്ളതിൽ അഹിന്ദുക്കൾക്ക് നിയമനത്തിനർഹതയില്ലാത്തതിനാൽ ഹിന്ദുക്കളിലെ സംവരണ വിഭാഗത്തിനായി 32% സംവരണവും ബാക്കി വരുന്ന 18% ഓപ്പൺമെറിറ്റിലും ഉൾപ്പെടുത്തി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ 18% സംവരണം ആനുപാതികമായി പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും മുന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ചുവടെ പറയും പ്രകാരം അനുവദിക്കുന്നതിന് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനായി ദേവസ്വം ബോർഡുകൾ ലഭ്യമാക്കിയ ശുപാർശകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><u>മുന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക്</u> - 10 %<br>ഈഴവ- 3%<br>പട്ടിക ജാതി- 2%<br>മറ്റ് പിന്നോക്ക വിഭാഗങ്ങൾ- 3% |

| | | | |
|---|---|---|---|
| (ബി) | ദേവസ്വം നിയമനങ്ങൾക്ക് അപേക്ഷിക്കാൻ ദേവജാലിക എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ സുതാര്യവും നിയമാനുസൃതവുമായി നിർവ്വഹിക്കുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ദേവജാലിക എന്ന പേരിൽ ഓൺലൈൻ റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ മാതൃകയിൽ പൂർണ്ണമായും സുരക്ഷിതവും കൃത്യമായും പ്രവർത്തിക്കുന്ന ഓൺലൈൻ സംവിധാനമുപയോഗിച്ച് രജിസ്ട്രേഷൻ മുതൽ അഭിമുഖം വരെയുള്ള നടപടി ക്രമങ്ങൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ